**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 551** **11-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ തനതു വരുമാന സ്രോതസ് ശക്തമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ തനതു വരുമാന സ്രോതസ്സുകൾ ശക്തമാക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള ഊർജ്ജിതമായ നടപടികൾ 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മൈനിംഗ് & ജിയോളജി, എക്സൈസ്, മോട്ടോർ വാഹനം, രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകളിലെ വിവിധ ഇനങ്ങളുടെ നിരക്ക് വർദ്ധനവ് ഇതിൽ ഉൾപ്പെടുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനും, ചെറുകിട മേഖലയ്ക്ക് കൂടുതൽ ഉണർവ് നല്കുന്നതിന്റെ ഭാഗമായും, ജി.എസ്.റ്റി വകുപ്പിലെ നികുതി കുടിശ്ശിക തീർപ്പാക്കുക എന്നതിന്റെ ഭാഗമായും 'ആനംസ്റ്റി 2024' പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു.**<br><br>**സംസ്ഥാനത്തിന്റെ പ്രധാന നികുതി വരുമാന മേഖലയായ ജി.എസ്.ടി വരുമാനം വർദ്ധിപ്പിക്കുന്നതിനായി, ജി.എസ്.ടി നിയമവ്യവസ്ഥയ്ക്കു അനുയോജ്യമായ രീതിയിൽ വകുപ്പിനെ പുന:സംഘടിപ്പിച്ചു നികുതി പിരിവു കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുന:സംഘടനയിലൂടെ ടാക്സ് പെയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. സമ്പൂർണ്ണ ജി.എസ്.റ്റി പുന:സംഘടനയിലൂടെ ജി.എസ്.റ്റി വരുമാനം ഉയരുമെന്ന് പ്രതീക്ഷിക്കുന്നു. ദീർഘ കാലമായി പരിഷ്കരിക്കാത്ത നികുതി-നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ കാലികമായി വർദ്ധിപ്പിക്കുന്നത് വഴിയും, പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിലൂടെയുമുള്ള വിഭവ** |

| | | | |
|---|---|---|---|
| | | | **സമാഹരണ പ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകന യോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുമുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ബി) | ഇന്ത്യയിൽ പ്രതിശീർഷ വരുമാനത്തിൽ മുന്നിട്ട് നിൽക്കുന്ന സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ കുടിശികയാണ് കേന്ദ്രം വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) | RD ഗ്രാന്റിലെ കുറവ്, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കൽ, കേന്ദ്രനികുതി വിഹിതത്തിലെ കുറയ്ക്കൽ മുതലായ ഇനങ്ങളിലായി 2023-24-ൽ **57,400 കോടി** രൂപയുടെ കുറവുണ്ടായി. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലേക്കായി സംസ്ഥാനത്തിന് ലഭിക്കേണ്ട തുകകളിൽ **1273.79 കോടി** രൂപ കൂടി ലഭിക്കാനുണ്ട്. 2023-24 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിച്ച തുക **8212 കോടി** രൂപയായിരുന്നു. എന്നാൽ ലഭിച്ചത് **3928.41 കോടി** രൂപ മാത്രമാണ്. Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായ പദ്ധതികളിൽ 2023-24-ൽ Part I-ന് കീഴിൽ സംസ്ഥാനത്തിന് അനുവദിച്ചിരുന്ന **1925 കോടിയുടെ** വായ്പാ സഹായം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നുണ്ട്. വിനിയോഗസാക്ഷ്യപത്രം സമയബന്ധിതമായി നൽകികൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പുസെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ